**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023-26)**

# ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)യുടെ മൂന്നാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ സിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണകേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

[2025 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-26)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)യുടെ മൂന്നാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം പാലോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ സിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണകേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | : | V |
| മുഖവുര | : | Vii |
| അധ്യായം I : റിപ്പോർട്ട് | : | 1 |
| അധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 2 |
| അധ്യായം III : മറുപടി ലഭിക്കേണ്ട അധികവിവരങ്ങൾ | : | 17 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)

## ഘടന

**ചെയർപേഴ്സൺ**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26) -യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) -യുടെ മൂന്നാമത് റിപ്പോർട്ട് (തിരുവനന്തപുരം പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണകേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ) 2022 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 26 ഖണ്ഡികകളിലായി ആകെ 13 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ള സമിതി ആരാഞ്ഞ അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ.കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 ഒക്ടോബർ 7.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് [തിരുവനന്തപുരം പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്] 2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 13 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ട് 21.11.2022-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 24.05.2024, 05.05.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിക്കവെ അവയിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളിൽ ഇനിയും മറുപടി ലഭ്യമാക്കാത്തവ സംബന്ധിച്ചവ അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അധിക വിവരങ്ങളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം – II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

**[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ**

**മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]**

**ശിപാർശ 1 [ഖണ്ഡിക 13]**

കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ (FMD) പ്രതിരോധ കുത്തിവെയ്പിനുള്ള വാക്സിൻ കേരളത്തിൽ ഉല്പാദിപ്പിക്കുന്നില്ലെന്നും ആയത് കേന്ദ്ര FMD കൺട്രോൾ പ്രോഗ്രാമിൽ നിന്നാണ് ലഭിക്കുന്നതെന്നും ആയത് കേന്ദ്രസർക്കാർ സ്കീമിലുൾപ്പെടുത്ത സംഭരിച്ച് നേരിട്ട് സംസ്ഥാനത്തിന് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നതെന്നും ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു . കൂടാതെ ദക്ഷിണേന്ത്യയിലേയ്ക്കാവശ്യമായ കുളമ്പ് രോഗത്തിനുള്ള പ്രതിരോധ വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുമോയെന്ന് സമീപകാലത്ത് കേന്ദ്രസർക്കാർ ആരാഞ്ഞതായും അത്തരമൊരു പ്ലാന്റ് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് പൊതു-സ്വകാര്യ-പങ്കാളിത്ത (പി.പി.പി) മാതൃകയിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചതായും സമിതി മനസ്സിലാക്കുന്നു. ആന്റിറാബീസ് വാക്സിൻ, കുളമ്പ് രോഗത്തിനുള്ള വാക്സിൻ എന്നിവയൊക്കെ നിർമ്മിക്കേണ്ടത് 'വൺ ഹെൽത്ത്' അപ്രോച്ചിന്റെ ഭാഗമാണ് . ഈ വിഷയം പരിഹരിക്കാതെ മനുഷ്യരുടെ ആരോഗ്യവും സംരക്ഷിക്കാൻ കഴിയില്ല. സംസ്ഥാനത്ത് കുളമ്പ് രോഗത്തിനുള്ള പ്രതിരോധ വാക്സിൻ ലഭ്യതയിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രസ്തുത വാക്സിൻ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും കുളമ്പ് രോഗത്തിനുള്ള വാക്സിൻ ഉത്പാദിപ്പിക്കുവാൻ സാധിച്ചാൽ പ്രസ്തുത സ്ഥാപനത്തെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, "വൺ ഹെൽത്ത് അപ്രോച്ചിന്റെ" ഭാഗമായി സംസ്ഥാനത്തിന്

ആവശ്യമായ വിവിധ തരം വാക്സിനുകൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുവാൻ അടിയന്തര സാഹചര്യം സൃഷ്ടിക്കുന്നതിന് വകുപ്പ് സത്വര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

സംസ്ഥാനത്ത് കുളമ്പ് രോഗ പ്രതിരോധ വാക്സിൻ, നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് (NDDB) സ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് (IIL) നിന്നുമാണ് ലഭ്യമാക്കി വരുന്നത്. കേരളത്തിൽ ആവശ്യമായ കുളമ്പ് രോഗ വാക്സിൻ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ സാങ്കേതിക സഹായത്താൽ കേരളത്തിൽ നിന്നുതന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യത ഇതിനോടകം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ് . പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസിൽ PPP മോഡിൽ ഫുട്ട് ആൻഡ് മൗത്ത് വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ സർക്കാർ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

കുളമ്പ് രോഗ പ്രതിരോധത്തിന്റെ ഭാഗമായി പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ PPP മോഡൽ ഫൂട്ട് ആൻഡ് മൗത്ത് വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ (IAH & VB) ഫുട്ട് ആൻഡ് മൗത്ത് വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് (IIL) എന്ന സ്ഥാപനവുമായി ചേർന്ന് പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (PPP) വ്യവസ്ഥയിൽ ഒരു വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാൻ ഉള്ള സാധ്യതകൾ പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം

നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി , വകുപ്പ് അദ്ധ്യക്ഷൻ എന്നിവർ പാലോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിലെ രണ്ട് ഉദ്യോഗസ്ഥരോടൊപ്പം 2022 ആഗസ്റ്റ് മാസം 27-ന് ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് എന്ന സ്ഥാപനം സന്ദർശിക്കുകയുണ്ടായി.

ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിലെ അധികൃതർ PPP വ്യവസ്ഥയിൽ വാക്സിൻ നിർമ്മാണവുമായി സഹകരിക്കുന്നതിൽ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ , PPP വ്യവസ്ഥയിൽ ഇന്ത്യൻ ഇമ്മ്യൂണളോജിക്കൽസുമായി കുളമ്പ് രോഗ പ്രതിരോധ വാക്സിൻ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല.

## <u>ശിപാർശ 2 [ഖണ്ഡിക 14]</u>

ആലപ്പുഴ ജില്ലയിൽ പാസ്റ്ററെല്ല രോഗം ബാധിച്ച് നിരവധി താറാവുകൾ ചത്തൊടുങ്ങിയപ്പോൾ പാലോട് ഐ.എ.എച്ച്. & വി. ബി.യിൽ ഉത്പാദിപ്പിച്ച വാക്സിൻ ഉപയോഗിച്ചതു വഴി താറാവുകളിലെ മരണനിരക്ക് വളരെയധികം കുറയ്ക്കുവാനും രോഗം പടരുന്നതു തടയുവാനും കഴിഞ്ഞിട്ടുണ്ടെന്നതും പ്രസ്തുത വാക്സിന് അയൽ സംസ്ഥാനങ്ങളിൽ നിന്നുപോലും ഏറെ ആവശ്യക്കാരുണ്ടെന്നതും ഏറെ അഭിമാനകരമാണ് . ഡക്ക് പാസ്ച്ചുറെല്ലോസിസ് വാക്സിൻ ഇന്ത്യയിൽ കേരളത്തിൽ മാത്രമേ ഉത്പാദിപ്പിക്കുന്നുള്ളൂവെന്നും, ആവശ്യമുള്ളതിന്റെ പകുതി മാത്രമാണ് ഇപ്പോഴത്തെ ടെക്നോളജി ഉപയോഗിച്ച് ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നതെന്നും ഫെർമെന്റർ ടെക്നോളജി ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ വാക്സിൻ ഉത്പാദിപ്പിക്കാൻ സാധിക്കുന്നതാണെന്നും, പ്രസ്തുത വാക്സിൻ ഒരു വർഷം വരെ റഫ്രിജറേറ്ററിൽ സൂക്ഷിച്ചുവെയ്ക്കുവാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വാക്സിന് ആവശ്യക്കാർ ഏറെ ഉള്ളതിനാൽ അതിന്റെ നിർമ്മാണം വിപുലീകരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പാസ്റ്ററെല്ല രോഗത്തിന് ഇപ്പോഴും പഴയ സാങ്കേതിക വിദ്യയായ ബ്ലാസ്റ്റ് മെത്തേഡാണ് ഉപയോഗിക്കുന്നതെന്നും അതിനെ ഫെർമെന്റർ ടെക്നോളജി എന്ന നൂതന സാങ്കേതിക

വിദ്യയിലേക്ക് മാറ്റാൻ സാധിക്കുന്നതാണെന്നും ഇതിനായി ഫെർമെന്റർ അടിസ്ഥാനമാക്കിയുള്ള ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുള്ളതായും ഇതിനായി 100-120 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ നിർദ്ദേശാനുസരണം ഡക്ക് പാസ്ച്ചുറല്ലോസിസ് വാക്സിൻ നിർമ്മാണം വിപുലീകരിക്കുന്നതിന് പ്ലാനിംഗ് ബോർഡിലേയ്ക്ക് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് നിലവിലെ വാക്സീൻ നിർമ്മാണ പ്രക്രിയയായ "ഫ്ലാസ്ക് മെത്തേഡ്"ന് പകരം ഫെർമെന്റർ ടെക്നോളജിയുടെ അടിസ്ഥാനത്തിൽ നൂതന സാങ്കേതിക വിദ്യയിലേയ്ക്ക് ഘട്ടം ഘട്ടമായി മാറുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

ഡക്ക് പാസ്ച്ചുറെല്ലോസിസ് വാക്സിൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുക.

**<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ നിലവിൽ 13 ലക്ഷം ഡോസ് വരെ ഡക്ക് പാസ്ച്ചുറെല്ലോസിസ് (Duck Pasterurellosis) വാക്സിൻ വാർഷിക ഉല്പാദനം നടത്തിവരുന്നു.

**<u>ശിപാർശ 3 [ഖണ്ഡിക 15]</u>**

ഫെർമെന്റർ ടെക്നോളജി ഉപയോഗിച്ച് പാസ്റ്ററെല്ല വാക്സിൻ മാത്രമല്ല, കുരലടപ്പൻ ഉൾപ്പെടെയുള്ള എല്ലാ ബാക്ടീരിയൽ രോഗങ്ങൾക്കുള്ള വാക്സിനുകളും ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതാണെന്നും, കുളമ്പ്, കുരലടപ്പൻ രോഗങ്ങൾക്ക് കമ്പയിൻഡ് വാക്സിൻ ഉല്പാദിപ്പിക്കണമെന്നതാണ് കേന്ദ്രസർക്കാരിന്റെ താല്പര്യമെന്നും നിലവിലുള്ള പ്ലാന്റിന് സമാന്തരമായി എഫ്.എം.ഡി.-യുടെ ഒരു പ്ലാന്റ് കൂടി സ്ഥാപിച്ചാൽ ഈ വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും തെളിവെടുപ്പിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു . നിലവിൽ ഹരിയാനയിൽ മാത്രമേ പ്രസ്തുത വാക്സിൻ നിർമ്മിക്കുന്നുള്ളൂവെന്നും ആയത്

ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡാണ് വിതരണം ചെയ്യുന്നതെന്നും ഒരു പ്ലാന്റിൽ എഫ്.എം.ഡി. വാക്സിനും മറ്റൊരു പ്ലാന്റിൽ എച്ച് .എസ്. വാക്സിനും ഉല്പാദിപ്പിച്ച് ഇവ രണ്ടും കൂടി ചേർത്ത് മൂന്നാമത്തെ പ്ലാന്റിൽ വാക്സിൻ ആക്കി നൽകുകയാണ് ചെയ്യുന്നതെന്നും നമ്മുടെ സംസ്ഥാനത്തും ഈ സൗകര്യം എർപ്പെടുത്താൻ സാധിച്ചാൽ വേറൊരു വാക്സിൻ ആഡ് ഓൺ ചെയ്യാനും ഈ വാക്സിൻ മാത്രമായി ഉല്പാദിപ്പിക്കാനും സാധിക്കുമെന്നും ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ് വേളയിൽ സമിതി മനസ്സിലാക്കി. കന്നുകാലികളിലെ കുളമ്പ് രോഗം , പേപ്പട്ടി വിഷബാധ, പാസ്റ്ററെല്ല എന്നിവയ്ക്കുള്ള വാക്സിനുകൾ, വിരമരുന്നുകൾ, ആന്റിബയോട്ടിക്കുകൾ മുതലായവ നമ്മുടെ സംസ്ഥാനത്തു തന്നെ ഉത്പാദിപ്പിക്കുവാൻ സാധിക്കുമെന്നതിനാൽ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

24.01.2017-ലെ സ.ഉ.(സാധാ) നം. 24/2017/AHD പ്രകാരം മനുഷ്യർക്കും മൃഗങ്ങൾക്കും പേവിഷ ബാധയ്ക്കെതിരെ വാക്സിൻ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും, NABCONS വഴി സമർപ്പിച്ച ഡി.പി.ആർ.2018-ലെ റേറ്റ് പ്രകാരം ആയതിനാൽ സർക്കാർ അനുമതി നൽകിയ മേൽ പദ്ധതിയിൽ മനുഷ്യർക്കും മൃഗങ്ങൾക്കും പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ നിർമ്മാണത്തിനായി ഉപയോഗിക്കേണ്ടിവരുന്ന ജി .എം.പി. സർട്ടിഫൈഡ് ലബോറട്ടറികളിൽ കന്നുകാലികളിലെ കുളമ്പ് രോഗ വാക്സിൻ ഉൾപ്പെടെ നിർമ്മിക്കുവാൻ ഉള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നു . വാക്സിൻ, വിരമരുന്ന്, ആന്റിബയോട്ടിക്കുകൾ എന്നിവയുടെ നിർമ്മാണം തികച്ചും വ്യത്യസ്തമായ രീതിയിലാണ്. ആയതിനാൽ, ഈ സ്ഥാപനത്തിൽ ഇവ ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യത മുന്തിയ പരിഗണനയോടെ വിദഗ്ധ സമിതി പരിശോധിച്ച് വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ജി.എം.പി. സർട്ടിഫൈഡ് ലബോറട്ടറികളിൽ കന്നുകാലികളിലെ കുളമ്പ് രോഗ വാക്സിൻ ഉൾപ്പെടെ നിർമ്മിക്കാനുള്ള പുതുക്കിയ ഡി .പി.ആർ. തയ്യാറാക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നതിന്റെയും , വാക്സിൻ, വിരമരുന്ന്, ആന്റി-ബയോട്ടിക്കുകൾ എന്നിവയുടെ നിർമ്മാണം തികച്ചും വ്യത്യസ്ത രീതിയിൽ ആയതിനാൽ വിദഗ്ധ സമിതി ഇക്കാര്യം പരിശോധിച്ചു വരുന്നതിനാൽ ആയതിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

a) ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് (IIL) എന്ന സ്ഥാപനവുമായി ചേർന്ന്, പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (PPP) വ്യവസ്ഥയിൽ ഫൂട്ട് ആൻഡ് മൗത്ത് വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാൻ ഉള്ള സാധ്യതകൾ പരിശോധിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി , വകുപ്പ് അധ്യക്ഷൻ എന്നിവർ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിലെ രണ്ട് ഉദ്യോഗസ്ഥരോടൊപ്പം 2022 ആഗസ്റ്റ് മാസം 27-ന് ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് എന്ന സ്ഥാപനം സന്ദർശിക്കുകയുണ്ടായെങ്കിലും ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിലെ അധികൃതർ PPP വ്യവസ്ഥയിൽ വാക്സിൻ നിർമ്മാണവുമായി സഹകരിക്കുന്നതിൽ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ, PPP വ്യവസ്ഥയിൽ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസുമായി കുളമ്പ് രോഗ പ്രതിരോധ വാക്സിൻ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല.

എന്നിരുന്നാലും കുളമ്പ് രോഗ വാക്സിൻ നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ ഉൾപ്പെടുത്തി 660 കോടി രൂപയുടെ ഒരു കരട് രേഖ 16-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് വളരെ ഭീമമായ തുകയായതിനാൽ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ . അല്ലാത്തപക്ഷം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതി സാക്ഷാത്കരിക്കുവാൻ സാധിക്കാതെയും വന്നാൽ കൺസർട്ടൻസി ചാർജ്ജ് ഇനത്തിൽ സർക്കാരിന് ഭീമമായ തുക നഷ്ടം സംഭവിക്കുവാനിടയുണ്ട്.

b) വിരമരുന്നിന്റെയും ആന്റി-ബയോട്ടിക്കിന്റെയും നിർമ്മാണം പ്രതിരോധ മരുന്ന് നിർമ്മാണ പ്രക്രിയയിൽ നിന്നും തികച്ചും വേറിട്ട നിൽക്കുന്നതിനാൽ മേൽ വിവരിച്ച ഉത്പന്നങ്ങൾ IAH & VB-യിൽ നിർമ്മിക്കുന്നതിനു വേണ്ടി പ്രത്യേക കെട്ടിടങ്ങളും വിശിഷ്ട ഉപകരണങ്ങളും അതുമായി ബന്ധപ്പെട്ടുള്ള സംവിധാനങ്ങളോടൊപ്പം സാങ്കേതിക വൈദഗ്ധ്യം നേടിയ ജീവനക്കാരുടെ വിവിധ തസ്തികകളും സൃഷ്ടിക്കേണ്ടതായി വരും.

2016-ൽ പരിഷ്കരിച്ചിട്ടുള്ള ഡ്രഗ്സ് & കോസ്മെറ്റിക് ആക്റ്റ്, ഡ്രഗ്സ് & കോസ്മെറ്റിക് റൂൾസ് എന്നിവ കർശനമായി പിന്തുടരുവാൻ അനുശാസിക്കുന്ന ചട്ടപ്രകാരം മാത്രമേ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. വാക്സിൻ നിർമ്മാണത്തിൽ പാലിച്ചിരിക്കേണ്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം വിരമരുന്നിന്റെയും ആന്റി ബയോട്ടിക്കിന്റെയും നിർമ്മാണത്തിൽ കർശനമായി പാലിക്കേണ്ട വിവിധ നിബന്ധനകളും ആയതിന്റെ cGMP ചട്ടങ്ങൾ അനുശാസിക്കുന്ന വിവിധ വ്യവസ്ഥകളും സാങ്കേതികമായി വേറിട്ട നിൽക്കുന്നതിനാൽ വ്യത്യസ്ത നിർമ്മാണ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ നിലവിലുള്ള വാക്സിൻ നിർമ്മാണ സമുച്ചയത്തിൽ വിരമരുന്ന് , ആന്റി-ബയോട്ടിക്ക് നിർമ്മാണം എന്നിവ പ്രാവർത്തികമാക്കുന്നത് അഭികാമ്യമല്ല.

<u>**ശിപാർശ 4 (ഖണ്ഡിക 16)**</u>

നിലവിൽ ഓമനമൃഗങ്ങൾക്കും കിളികൾക്കുമുള്ള വാക്സിൻ പ്രസ്തുത സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്നില്ല എന്നും അവ സ്വകാര്യസ്ഥാപനങ്ങൾ വഴിയാണ് ആവശ്യക്കാർക്ക് ലഭിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ ആന്റിബയോട്ടിക്കുകളും

വിരമരുന്നുകളും മറ്റ് ഔഷധങ്ങളും ഈ സ്ഥാപനത്തിൽ നിർമ്മിക്കപ്പെടുന്നില്ല . ഓമനമൃഗങ്ങൾക്കും കിളികൾക്കുമുള്ള വാക്സിനുകൾ , വിരമരുന്നുകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നത് ലളിതമായി ചെയ്യാവുന്നകാര്യമാണെന്നും ആയത് ഇവയുടെ വില്പന ജീവിതമാർഗ്ഗമായി സ്വീകരിച്ചവർക്ക് സഹായകമാകുമെന്നും സമിതി കരുതുന്നു. പരിശീലനം ലഭിച്ച ഫാർമകെമിസ്റ്റിന്റെ അഭാവമാണ് ഇതിനുള്ള തടസ്സമെന്ന് ചർച്ചകളിലൂടെ സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലെ ഫാർമകെമിസ്റ്റ് എന്ന തസ്തിക മുൻപുണ്ടായിരുന്ന കെമിസ്റ്റ് എന്ന തസ്തിക അപ്ഗ്രേഡ് ചെയ്തതാണെന്നും റീ-പായ്ക്കിംഗ് ലൈസൻസ് ഉൾപ്പെടെയുള്ള ലൈസൻസുകൾ ലഭിക്കണമെങ്കിൽ ഫാർമകെമിസ്റ്റിന് പ്രൊഡക്ഷൻ ഇൻഡസ്ട്രിയിൽ കുറഞ്ഞത് 18 മാസത്തെ പരിശീലനം ലഭിച്ചിരിക്കണമെന്നും ഇപ്പോഴുള്ള ഫാർമകെമിസ്റ്റിന് പ്രൊഡക്ഷൻ എക്സ്പീരിയൻസ് ഇല്ലാത്തതാണ് യൂണിറ്റ് തുടങ്ങാൻ തടസ്സമെന്നും സമിതിക്ക് ബോധ്യപ്പെട്ടു. വാക്സിൻ ഉല്പാദനത്തിന് അടിസ്ഥാനപരമായി മൈക്രോബയോളജി ബാക്ക്ഗ്രൗണ്ടുള്ള ജീവനക്കാർ മതിയാകുമെന്നും വാക്സിൻ നിർമ്മാണത്തിനുവേണ്ടി ആരംഭിച്ച സ്ഥാപനമായതിനാൽ കെമിക്കൽസിന്റെ സ്റ്റോക്ക് കസ്റ്റോഡിയൻ എന്ന നിലയ്ക്കാണ് കെമിസ്റ്റ് തസ്തിക സൃഷ്ടിച്ചിരുന്നതെന്നും ലൈസൻസിന് അപേക്ഷിക്കണമെങ്കിൽ ഫാർമകെമിസ്റ്റ് പേറോളിൽ ഉൾപ്പെട്ടയാൾ ആയിരിക്കണമെന്നും ഫാർമസ്യൂട്ടിക്കൽ യൂണിറ്റ് ആരംഭിച്ചപ്പോൾ അടിയന്തര സാഹചര്യം കണക്കിലെടുത്ത് കെമിസ്റ്റ് തസ്തിക അപ്ഗ്രേഡ് ചെയ്തതാണെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ഫാർമകെമിസ്റ്റിനെ ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ (കെ.എസ്.ഡി.പി) അയച്ച് പരിശീലനം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ, പ്രവർത്തി പരിചയം ഉള്ള ആളുടെ സഹായം ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും, സ്ഥാപനത്തിൽ വിര മരുന്ന് ഉൾപ്പെടെയുള്ള വാക്സിൻ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

നിലവിലുള്ള ഫാർമാകെമിസ്റ്റിനെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ സിലേയ്ക്ക് പ്രവൃത്തിപരിചയത്തിനും പരിശീലനത്തിനുമായി അയക്കുന്നതിന് നടപടികൾ കൈക്കൊണ്ട് വരുന്നു. ഫാർമ കെമിസ്റ്റ് പ്രവൃത്തി പരിചയത്തിന് കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിലേയ്ക്ക് വിന്യസിക്കപ്പെടുന്ന കാലയളവിൽ ഈ സ്ഥാപനത്തിന്റെ ആവശ്യകതകൾ മുൻനിർത്തിക്കൊണ്ട് പ്രവർത്തനപരിചയമുള്ള ഒരു ഫാർമാകെമിസ്റ്റിനെ നിശ്ചിത കാലയളവിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

നിലവിലുള്ള ഫാർമാകെമിസ്റ്റിനെ പ്രവൃത്തിപരിചയത്തിനും പരിശീലനത്തിനുമായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

2016-ൽ പരിഷ്കരിച്ചിട്ടുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട്, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് കർശനമായി പിന്തുടരുവാൻ അനുശാസിക്കുന്ന ചട്ടപ്രകാരം മാത്രമേ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ . വാക്സിൻ നിർമ്മാണത്തിൽ പാലിച്ചിരിക്കേണ്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം വിരമരുന്നിന്റെയും ആന്റി ബയോട്ടിക്കിന്റെയും നിർമ്മാണത്തിൽ കർശനമായി പാലിക്കേണ്ട വിവിധ നിബന്ധനകളും ആയതിന്റെ cGMP (Current Good Manufacturing Practice) ചട്ടങ്ങൾ അനുശാസിക്കുന്ന വിവിധ വ്യവസ്ഥകളും സാങ്കേതികമായി വേറിട്ടു നിൽക്കുന്നതിനാൽ വ്യത്യസ്ത നിർമ്മാണ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ നിലവിലുള്ള വാക്സിൻ നിർമ്മാണ സമുച്ചയത്തിൽ വിരമരുന്ന്, ആന്റിബയോട്ടിക്ക് നിർമ്മാണം എന്നിവ പ്രാവർത്തികമാക്കുന്നത് അഭികാമ്യമല്ല.

മേൽ സാഹചര്യത്തിൽ ഫാർമാകെമിസ്റ്റിന് നിലവിൽ ട്രെയിനിംഗിന്റെ

ആവശ്യകതയില്ല. വിരമരുന്നിന്റെയും ആന്റിബയോട്ടിക്കിന്റെയും നിർമ്മാണം പ്രാവർത്തികമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം IAH & VB യിലെ 28.06.2024-ലെ AHD/TVM/IHVB/PALD/322/2024-C നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിന് cGMP (Current Good Manufacturing Practice) സർട്ടിഫിക്കറ്റ് നേടുന്നതിനാവശ്യമായ 18 മാസത്തെ ട്രെയിനിംഗ് സ്ഥാപനത്തിലെ ഫാർമകെമിസ്റ്റിന് നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത്പ്രകാരം 03.12.2024-ലെ KSDP/PRS/6/24 നമ്പർ കത്ത് പ്രകാരം ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് മേൽ നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ അനുകൂല നടപടികൾ കാലതാമസം കൂടാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ശിപാർശ 5 [ഖണ്ഡിക 17]

ഐ.എ.എച്ച് & വി.ബി. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ)-യിൽ ഉത്പാദിപ്പിക്കുന്ന ലൈവ്സ്റ്റോക്ക് പൗൾട്രി വാക്സിനുകൾ വെറ്ററിനറി ഡിസ്പെൻസറി / ഹോസ്പിറ്റൽ, പോളി ക്ലിനിക്ക്, ഡിസ്ട്രിക്ട് വെറ്ററിനറി സെന്റർ, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ തുടങ്ങിയ ശൃംഖലകൾ വഴി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതായും അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) (Animal Disease Control Project)-യിൽ നിന്ന് ക്രോഡീകരിച്ച് ലഭിക്കുന്ന വാക്സിനുകളും കർഷകർക്ക് സൗജന്യമായി നൽകുന്നതായും അടിയന്തിര സാഹചര്യം നേരിടുന്നതിനായി വർഷം തോറും വാക്സിനുകൾ സംഭരിച്ച് വെയ്ക്കുന്നതായും സമിതി മനസ്സിലാക്കുന്നു. കൂടാതെ, കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച തുകയ്ക്ക് വാക്സിൻ വാങ്ങാവുന്നതാണെന്നും സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി.

### സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ തുടർന്നും

നടപ്പിലാക്കുന്നതാണ്.

**ശിപാർശ 7 [ഖണ്ഡിക 19]**

ക്ഷീരമേഖല കടുത്ത നഷ്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്നും മൃഗങ്ങളുടെ സംരക്ഷണത്തിനും അവയുടെ ആരോഗ്യത്തിനും വേണ്ടി നല്ലൊരു സ്ഥാപനം ആവശ്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. വാക്സിനും അത്യാവശ്യ മരുന്നുകളും ഉല്പാദിപ്പിക്കാൻ കഴിയുന്ന സ്ഥാപനമാക്കി പാലോട് ഐ.എ.എച്ച് & വി.ബി.-യെ ഉയർത്തുന്നതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്ന് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാനും , ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടും (DPR) തയ്യാറാക്കണമെന്നും, ഘട്ടം ഘട്ടമായി പദ്ധതി പൂർത്തീകരിക്കണമെന്നും, രണ്ടു മൂന്ന് വർഷത്തിനുള്ളിൽ ആദ്യഘട്ടമെങ്കിലും പൂർത്തീകരിക്കണമെന്നും, നിലവിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ നിന്നും മൃഗസംരക്ഷണമേഖലയിൽ പക്ഷിമൃഗാദികൾക്ക് ആവശ്യമായ വാക്സിനുകൾ, വിവിധയിനം മരുന്നുകൾ എന്നിവ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ശിപാർശ 8 [ഖണ്ഡിക 20]**

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ ലാബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 100 കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരിക്കുന്നതെന്നും, കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമം നടത്തിയിട്ടുള്ളതായും തുടർശ്രമങ്ങൾ നടത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു . കൺസൾട്ടൻസി സേവനം ലഭിക്കുന്നതിന് സാധ്യമാകാത്തതും, ഫണ്ടിന്റെ അപര്യാപ്തതയും മൂലമാണ് സ്ഥാപനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ

പോകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ ലബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് (ജി.എം.പി.) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി അടുത്ത സാമ്പത്തിക വർഷം മുതൽ ഘട്ടംഘട്ടമായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ഏറ്റവും അത്യാവശ്യമായ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് (ജി.എം.പി.) ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പുതുക്കിയ ഡി .പി.ആർ നൽകുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു. ഡി.പി.ആർ. NABCONS (NABARD Consultancy Services)-ൽ നിന്ന് ലഭിയ്ക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്താൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം പദ്ധതി ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ഏറ്റവും അത്യാവശ്യമായ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് (ജി.എം.പി.) ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി NABCONS-ൽ നിന്ന് പുതുക്കിയ ഡി .പി.ആർ. ലഭ്യമായിട്ടുണ്ടോയെന്ന് സമിതിയെ അറിയിക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

നിലവിൽ IAH & VB-യുടെ ഉന്നമനത്തിനും, ടി സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടി 660 കോടി രൂപയുടെ ഒരു സമഗ്ര സുസ്ഥിര വികസന പദ്ധതിയുടെ കരട് രേഖ 16-ാം ധനകാര്യ കമ്മീഷന്റെ

പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കരട് രേഖ പദ്ധതിയിൽ മേൽ പറഞ്ഞ സ്ഥാപനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട അഞ്ച് സുപ്രധാന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയവ ചുവടെ ചേർക്കുന്നു.

എ) സൈറ്റ് മാസ്റ്റർ പ്ലാൻ NABCONS (NABARD Consultancy Services) വഴി തയ്യാറാക്കുന്നതിനും,

ബി) നൂതന സാങ്കേതിക വിദ്യയായ ഫെർമെന്റർ ടെക്നോളജി ഉപയോഗിച്ച് നിലവിലെ വാക്സിൻ നിർമ്മാണ പ്രക്രിയകളുടെ ദൈർഘ്യം കുറയ്ക്കുന്നതിനും,

സി) കുളമ്പ് രോഗപ്രതിരോധ വാക്സിൻ നിർമ്മാണ പദ്ധതിയും, പേവിഷബാധയ്ക്ക് എതിരെയുള്ള പ്രതിരോധ വാക്സിൻ നിർമ്മാണ പദ്ധതിയും,

ഡി) വാക്സിൻ നിർമ്മാണ സ്ഥാപനത്തിനുള്ളിൽ എയർ ഹാന്റിലിംഗ് സിസ്റ്റം.

ഇ) പൗൾട്രി വാക്സിൻ യൂണിറ്റ് cGMP (Current Good Manufacturing Practice) പ്രകാരം പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളും ഉൾപ്പെട്ടിരിക്കുന്നു.

മേൽ പറഞ്ഞ പ്രൊപ്പോസൽ വളരെ ഭീമമായ തുകയായതിനാൽ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി .പി.ആർ. തയ്യാറാക്കുന്നതിന്റെ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഡി .പി.ആർ. തയ്യാറാക്കുകയും പദ്ധതി സാക്ഷാത്കരിക്കുവാൻ സാധിക്കാതെയും വന്നാൽ കൺസൾട്ടൻസി ചാർജ് ഇനത്തിൽ നൽകേണ്ടി വരുന്ന തുകയിൽ സർക്കാരിന് നഷ്ടം സംഭവിക്കുവാനിടയുണ്ട്.

**ശിപാർശ 9 [ഖണ്ഡിക 21]**

സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ബയോടെക്നോളജി തുടങ്ങിയ വിവിധ സാങ്കേതിക വൈദഗ്ദ്ധ്യ മേഖലകളുമായി കൂടിച്ചേർന്ന് കിടക്കുന്നതും സങ്കീർണ്ണ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമായ GMP പദ്ധതിയുടെ കൺസൾട്ടൻസി ഏൽപ്പിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളുമായി ചർച്ചകളും അന്വേഷണങ്ങളും നടത്തിയെങ്കിലും അവരാരും കൺസൾട്ടൻസി ചുമതല ഏറ്റെടുക്കാൻ

തയ്യാറായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സാധാരണയായി കൺസൾട്ടൻസി ഏൽപ്പിക്കുന്നതിന് താല്പര്യപത്രം (എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ) ക്ഷണിക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് സ്ഥാപനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. എന്നാൽ ഫണ്ട് പര്യാപ്തമാണോ എന്നറിഞ്ഞതിനുശേഷം മാത്രമാണ് ഗവൺമെന്റ് സ്ഥാപനങ്ങൾ ആയത് ഏറ്റെടുക്കുവാൻ തയ്യാറാകുന്നത്. കേരള പൊതുമരാമത്ത് വകുപ്പിനെ പദ്ധതിയുടെ കൺസൾട്ടൻസി ചുമതല ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് 2008-2009 വർഷത്തിൽ ഏൽപ്പിച്ചിരുന്നു. എന്നാൽ തുടർന്നുള്ള 3 വർഷങ്ങളിലെ ഇടവേളകളിൽ രണ്ട് പുതിയ എസ്റ്റിമേറ്റുകൾ വകുപ്പ് നൽകി. എസ്റ്റിമേറ്റ് പുതുക്കിയതിന് വ്യക്തമായ കാരണം സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കാതിരുന്നതിനാൽ അനുവദിച്ച തുക തിരികെ ഏറ്റെടുക്കേണ്ടതായി വന്നു. 2003-2004 വർഷത്തിൽ ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുവെങ്കിലും കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനവും ഈ പ്രോജക്ടിന് താല്പര്യം പ്രകടിപ്പിച്ചില്ല. ഒരു വാക്സിൻ ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ പരിചയവും പ്രാഗൽഭ്യവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല എന്നതാണ് കാരണം . അതിനുശേഷം ബാംഗ്ലൂരിലെ SRP ENVIRO SYSTEM എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി നൽകുകയുണ്ടായി. 2006-ൽ ലീഡർഷിപ്പ് പ്രോസസിൽ ഉൾപ്പെട്ട ടെൻഡറിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് കൺസൾട്ടൻസി ഏജൻസിയായ SRP ENVIRO SYSTEM ആയിരുന്നു. ഒരേ സ്ഥാപനത്തെ തന്നെ കൺസൾട്ടൻസിയും നിർമ്മാണവും ഏൽപ്പിക്കുക പ്രായോഗികമല്ലാത്തതിനാൽ ടി സ്ഥാപനത്തിന് അനുമതി നൽകിയിരുന്നില്ല. കൺസൾട്ടൻസിക്കും നിർമ്മാണത്തിനും രണ്ടു വ്യത്യസ്ത ഏജൻസികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യം തുടർച്ചയായി ഉണ്ടാകുന്നത് സ്ഥാപനത്തിന്റെ നവീകരണത്തിന് വിഘാതമാകുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ നിർമ്മാണ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പ് ചെയ്യുന്നതിനാൽ കൺസൾട്ടൻസി ഏറ്റെടുക്കുവാൻ ആദ്യമായി സർക്കാർ ഏജൻസികളെ സ്ഥാപനം സമീപിച്ചെങ്കിലും , പൊതുമരാമത്ത് വകുപ്പ് സാധാരണ ചെയ്യുന്ന പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമാണ് വാക്സിൻ പ്ലാന്റ് നിർ

മ്മാണമെന്നും, പൊതുമരാമത്ത് വകുപ്പിനെ ഇത്തരം പ്രവൃത്തികൾ ഏൽപ്പിച്ചാൽ എഞ്ചിനീയർമാരെ ഇതുമായി ബന്ധപ്പെട്ട് ബാംഗ്ലൂരിലെ സ്ഥാപനത്തിൽ പഠനത്തിനയക്കേണ്ടി വരുമെന്നും സാധാരണ കെട്ടിടങ്ങളുടെ മേൽക്കൂര 3-4 ഇഞ്ച് കനത്തിൽ കോൺക്രീറ്റ് ചെയ്യുമ്പോൾ പ്ലാന്റിന്റെ മേൽക്കൂര മൂന്ന് ഇഞ്ച് കനം വീതമുള്ള കോൺക്രീറ്റ് ലെയറിന്റെ ഇടയ്ക്ക് റബ്ബറൈസ് ചെയ്തതിനുശേഷം അടുത്ത ലെയർ കോൺ ക്രീറ്റ് എന്ന കണക്കിൽ 12 ഇഞ്ച് കനത്തിലാണ് കോൺക്രീറ്റ് ചെയ്യുന്നതെന്നും അതിനുമുകളിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ വൈബ്രേഷൻ താഴത്തെ നിലയിലെ പ്രോസസ്സിനെ ബാധിക്കാതിരിക്കുന്നതിനാണ് ഇത്തരത്തിൽ നിർമ്മിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടു . പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് ഈ മേഖലയിൽ പ്രാഗത്ഭ്യം കുറവായിരിക്കുമെന്നും ഇത്തരം സ്ഥാപനങ്ങളിൽ സുരക്ഷാ സംവിധാനം ഒരു പ്രധാന ഘടകമാണെന്നും സമിതി നിരീക്ഷിക്കുന്നു. കൺസൾട്ടൻസിയും നിർമ്മാണവും ഒരു ഏജൻസിയെ തന്നെ ഏൽ പ്പിക്കുന്നതുകൊണ്ട് സ്ഥാപനം നൽകുന്ന പ്രൊപ്പോസൽ നിരസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അതിന്റെ പ്രായോഗികത പരിശോധിക്കണമെന്നും, സംസ്ഥാനത്തിന് ഭാവിയിൽ വളരെ നേട്ടമുണ്ടാക്കാവുന്ന ഗവേഷണ സ്ഥാപനം എന്ന നിലയ്ക്കുള്ള പ്രത്യേക പരിഗണന നൽകി ഈ സ്ഥാപനം പ്രവർത്തിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശാനുസരണം, പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട, കൺസൾട്ടൻസിക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമുള്ള ഡി.പി.ആർ. നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് (NDDB)ന്റെ കീഴിൽ ഉള്ള കൺസൾട്ടൻസി ഏജൻസിയായ NABCONS (NABARD Consultancy Services) മുഖേനയാണ് തയ്യാറാക്കുന്നത്.

**ശിപാർശ 12 [ഖണ്ഡിക 24]**

സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിലേയ്ക്കായി സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ജീവനക്കാർ അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. പരിചയസമ്പന്നരായ വിദഗ്ധർ ഉൾപ്പെടുന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതെന്നും സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങളുമായി താരതമ്യ പഠനം നടത്തിയതിനു ശേഷവും കാർഷിക സർവകലാശാലയിലേയും വെറ്ററിനറി സർവകലാശാലയിലേയും വിദഗ്ധരുടെ ഉപദേശത്തെ അടിസ്ഥാനപ്പെടുത്തിയുമാണെന്ന് സമിതി മനസ്സിലാക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ , ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കും ശിപാർശയ്ക്കും അനുസൃതമായാണ്, ഉപകരണങ്ങൾ വാങ്ങുന്നതിനായി, ഇനം തിരിച്ചുള്ള വിവരണം (Specification) ക്രോഡീകരിക്കുന്നത്.

## അദ്ധ്യായം III

## മറുപടി ലഭിക്കേണ്ട അധികവിവരങ്ങൾ

**ശിപാർശ 6 (ഖണ്ഡിക 18)**

മൃഗസംരക്ഷണ മേഖലയിൽ ആവശ്യമുള്ള എല്ലാ വാക്സിനുകളും ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും നായ, പൂച്ച എന്നിവയുടെ കടിയേൽക്കുമ്പോൾ നൽകുന്ന വാക്സിനുകൾ ഐ .എ.എച്ച്.&വി.ബി.-യിൽ ഉല്പാദിപ്പിക്കുന്നില്ലായെന്ന് സമിതി മനസിലാക്കുന്നു. പേവിഷബാധയ്ക്കുള്ള വാക്സിൻ നിർമ്മിക്കുന്നതിന് നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ്കോൺസ് 112.49 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും മൃഗസംരക്ഷണ വകുപ്പിനും ക്ഷീരവികസന വകുപ്പിനും കൂടി 2018-19-ൽ 20 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമേ അനുവദിച്ചിരുന്നുള്ളൂ എന്നതിനാൽ പദ്ധതി അംഗീകാരത്തിനായി നബാർഡിലേക്ക് അയക്കുവാൻ നിർ

വ്യാഹമില്ലായിരുന്നു എന്നും നിലവിലെ സാഹചര്യത്തിൽ കിഫ്ബി പോലുള്ള ഫണ്ടിംഗ് ഏജൻസികൾ മുഖാന്തരം മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്നും സമിതി വിലയിരുത്തുന്നു. കൂടാതെ, പേപ്പട്ടിശല്യം വളരെയധികം വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിന് വളരെയധികം പ്രസക്തിയുണ്ടെന്നും സമിതി കരുതുന്നു. പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ കോശങ്ങളിൽ വളർത്തിയെടുക്കുകയാണ് ചെയ്യുന്നതെന്നും, നിലവിൽ പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ ഉല്പാദിപ്പിക്കുന്നില്ലായെന്നും , 2017-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് ആയതിനുള്ള ഡി .പി.ആർ. തയ്യാറാക്കിയിരുന്നതെന്നും നിലവിൽ ആ തുകയ്ക്ക് പ്രോജക്ട് ചെയ്യാൻ സാധിക്കാത്തതിനാൽ 2017-ൽ ഡി.പി.ആർ. തയ്യാറാക്കിയ നാബ്കോൺസിനോട് ഡി.പി.ആർ. റിവൈസ് ചെയ്താൽ എത്ര അധികചെലവ് വരുമെന്ന് ആരാഞ്ഞിട്ടുള്ളതായും തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ ഉത്പാദനത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാബ്കോൺസിന് തുക അനുവദിച്ചിട്ടുള്ളതായും നിലവിൽ ഈ സ്ഥാപനത്തിന്റെ വാക്സിൻ ഉത്പാദനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും പ്ലാൻ ഫണ്ടിൽ അനുവദിക്കുന്നതിനേക്കാൾ കൂടുതൽ തുക ഇതിന് ആവശ്യമായി വരുമെന്നതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുവാൻ ശ്രമിക്കണമെന്നും വാക്സിൻ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

മനുഷ്യർക്കും മൃഗങ്ങൾക്കും പേവിഷ ബാധയ്ക്കെതിരെ വാക്സിൻ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിരുന്നുവെങ്കിലും, NABCONS വഴി സമർപ്പിച്ച ഡി.പി.ആർ. 2018-ലെ റേറ്റ് പ്രകാരം ആയതിനാൽ, സർക്കാർ അനുമതി ലഭിച്ച മേൽ പദ്ധതിയിൽ , മനുഷ്യർക്കും മൃഗങ്ങൾക്കും പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ നിർമ്മാണത്തിനായി

ഉപയോഗിക്കേണ്ടി വരുന്ന ജി .എം.പി. സർട്ടിഫൈഡ് ലബോറട്ടറികളിൽ കന്നുകാലികളിലെ കുളമ്പ് രോഗ വാക്സിൻ ഉൾപ്പെടെ നിർമ്മിക്കുവാനുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു . പുതുക്കിയ ഡി.പി.ആർ. NABCONS-ൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്താൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

മനുഷ്യരിലേയും മൃഗങ്ങളിലെയും പേവിഷ ബാധക്കെതിരെയും കന്നുകാലികളിലെ കുളമ്പ് രോഗത്തിനെതിരെയുമുള്ള വാക്സിൻ നിർമ്മാണ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമാക്കി വാക്സിൻ നിർമ്മാണത്തിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

24.01.2017-ലെ സ.ഉ.(സാധാ) നം. 24/2017/എ.എച്ച്.ഡി. പ്രകാരം മനുഷ്യരിലും മൃഗങ്ങളിലും ഉപയോഗിക്കുന്ന പേവിഷബാധക്കെതിരായ വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ അനുമതി നൽകി ഉത്തരവാകുകയുണ്ടായി. മനുഷ്യരിലേയും മൃഗങ്ങളിലേയും പേവിഷബാധക്കെതിരെയും കന്നുകാലികളിലെ കുളമ്പുരോഗത്തിനെതിരെയുമുള്ള വാക്സിൻ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട DPR തയ്യാറാക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് IAH&VB മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. DPR തയ്യാറാക്കുന്ന വേളയിൽ പദ്ധതി അടങ്കലിന്റെ 2% NABCONS -ന് കൺസൾട്ടൻസി ഫീസ് ആയി നൽകേണ്ടി വരും. ധനകാര്യവകുപ്പ് 50% പ്ലാൻ കട്ട് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനോ കൺസൾട്ടൻസി ചാർജ് നൽകുന്നതിനോ സ്റ്റേറ്റ് ബഡ്ജറ്റിൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി വിവിധ ധനസ്രോതസ്സുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 660 കോടി രൂപയുടെ ഒരു കരട്

രേഖ 16-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് വളരെ ഭീമമായ തുക ആയതിനാൽ ആയതിനുള്ള ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DPR തയ്യാറാക്കുന്നതിന്റെ നടപടികൾ ആരംഭിക്കുവാനാകുകയുള്ളൂ. DPR തയ്യാറാക്കിയ ശേഷം പദ്ധതി സാക്ഷാത്കരിക്കുവാൻ സാധിക്കാതെ വന്നാൽ കൺസൾട്ടൻസി ചാർജ് ഇനത്തിൽ നൽകേണ്ടി വരുന്ന തുക സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുവാനിടയുണ്ട്.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

പ്രതിരോധ വാക്സിൻ ഫലപ്രദമാകാത്തതുമൂലം സംസ്ഥാനത്ത് അടുത്തിടെ പേവിഷബാധയേറ്റ് കുട്ടികൾ മരണമടഞ്ഞ വിഷയം ചർച്ച ചെയ്ത സമിതി ഇത് സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു.

**<u>ശിപാർശ 10 (ഖണ്ഡിക 22)</u>**

പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർ നൽകിയ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് പ്രകാരം 4.69 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് മൂന്ന് തവണയായി നൽകുകയുണ്ടായി. എന്നാൽ നവീകരണ പ്രവർത്തനങ്ങൾ നീട്ടിവച്ചുകൊണ്ടുള്ള 2015-ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന്, ഇൻസിനറേറ്റർ സ്ഥാപി ച്ച വകയിൽ ചെലവായ 44 ലക്ഷം രൂപ ഒഴികെയുള്ള 4.25 കോടി രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും തിരികെ വാങ്ങി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ eTSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 13-ാംധനകാര്യ കമ്മീഷൻ നൽകിയ ഫാർമസ്യൂട്ടിക്കൽ യൂണിറ്റിനുള്ള തുക ഉൾപ്പെടെ പ്രസ്തുത അക്കൗണ്ടിൽ ഉണ്ടായിരുന്ന 5,79,75,103 രൂപയിൽ നിന്നും 22.03.2018-ലെ സ.ഉ.(പി)നം.51/2018/എഫ്.ഡി. പ്രകാരം 5,21,77,593 രൂപ സർക്കാർ തിരികെയെടുത്തതിനാൽ ബാക്കിയുള്ള 57,97,510 രൂപ ജി.എം.പി. പ്രോജക്ട് തുടങ്ങുന്നതിന് അപര്യാപ്തമാണ് എന്ന് വകുപ്പ് അറിയിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ തിരികെയെടുത്ത 5,21,77,593/- രൂപ തിരികെ ലഭിക്കുന്നതിനു വേണ്ടി സ്ഥാപനം ധനകാര്യ വകുപ്പിന് വിശദീകരണം ഉൾപ്പെടുത്തി അപേക്ഷ നൽകേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുക ഐ.എ.എച്ച്.&വി. ബി.-യിൽ GMP ലാബ്

സ്ഥാപിക്കുന്നതിനുള്ള തുടക്ക മുതൽമുടക്കായി കരുതി ബാക്കി തുകയുള്ള നടപടികൾ പുരോഗമിക്കുമ്പോഴാണ് സർക്കാർ തുക തിരികെയെടുത്തത്.

സർക്കാർ തിരികെയെടുത്ത തുക ലഭിക്കുന്നതിന് വേണ്ടി വിശദീകരണം കൃത്യമായി രേഖപ്പെടുത്തി അപേക്ഷ സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകാറുണ്ടെന്ന് ധനകാര്യവകുപ്പ് തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് വിശദീകരണം കൃത്യമായി രേഖപ്പെടുത്തി അപേക്ഷ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ധനകാര്യവകുപ്പ് പ്രസ്തുത തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സർക്കാർ തിരികെ എടുത്ത പദ്ധതി വിഹിത തുകയായ 5,21,77,593 രൂപ തിരികെ ലഭിക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ സഹിതമുള്ള വിശദമായ കത്ത് ധനകാര്യ വകുപ്പിന് നൽകുന്നതാണ്.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

സർക്കാർ തിരികെയെടുത്ത പദ്ധതി വിഹിത തുക വീണ്ടും ലഭിക്കുന്നതിനുവേണ്ടി സമിതി ശിപാർശ സഹിതമുള്ള വിശദമായ കത്ത് ധനകാര്യ വകുപ്പിന് നൽകുന്നതിൽ കാലതാമസമുണ്ടായതിനുള്ള കാരണം സമിതിയെ അറിയിക്കുക.

**<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>**

22.03.2018-ലെ സ .ഉ.(പി) നം. 51/2018/ധന. പ്രകാരം സർക്കാർ തിരികെയെടുത്ത 5,21,77,593 രൂപ IAH & VB-യെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി ഉയർത്താൻ ഉതകുകയില്ല. നിലവിൽ 16-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള 660 കോടി രൂപയുടെ കരട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾക്ക് ഒന്നും ഈ തുക മതിയാകില്ല. കൂടാതെ മേൽപ്പറഞ്ഞ തുക ലഭ്യമാക്കിയ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാലും, നിലവിൽ ടി തുക ലഭ്യമായാലും പ്രവൃത്തികളുടെ റേറ്റ് റിവിഷൻ മൂലം സമാന

പ്രവൃത്തികൾ ചെയ്യാൻ പ്രസ്തുത തുക മതിയാകാതെ വരും . മേൽപ്പറഞ്ഞ കാരണങ്ങളാലാണ് ധനകാര്യ വകുപ്പിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് അറിയിക്കുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

പ്രാഥമികമായി വകയിരുത്തിയ പദ്ധതി വിഹിതം വിനിയോഗിച്ച് IAH &VB-യെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി ഉയർത്തുവാൻ കഴിയില്ലെന്ന കാരണത്താൽ സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ച നടപടി ശരിയല്ലെന്ന് സമിതി വിലയിരുത്തുകയും ആയത് വകുപ്പിനെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ശിപാർശ 11 (ഖണ്ഡിക 23)**

നിരന്തര ഉപയോഗംമൂലം ഉപകരണങ്ങൾക്ക് ചെറിയ ഇടവേളകളിൽത്തന്നെ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു . ഉപകരണങ്ങളുടെ റിപ്പയറിംഗ് ചാർജ്ജുകൾ വളരെ കൂടുതലാണെന്നും , ഇതിനായി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന പരമാവധി തുക യഥാക്രമം 15000, 12000, 8000 രൂപ മാത്രമായതിനാൽ സർക്കാരിൽ നിന്നുള്ള അനുമതിയ്ക്കായി വളരെ നാൾ കാത്തിരിക്കേണ്ടുന്ന അവസ്ഥയാണെന്നും ആയത് പല പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിൽ 40,00,000 രൂപ വരെ വിലയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് മേലുദ്യോഗസ്ഥർക്ക് അധികാരം നൽ കിയിട്ടുണ്ടെന്നത് പരിഗണിച്ച് ഉപകരണങ്ങളുടെ റിപ്പയറിംഗ് /റീപ്ലെയ്സ്മെന്റ് ഇനത്തിൽ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന തുക നിലവിലുള്ള നിരക്കിൽ നിന്നും ഉയർത്തി നിശ്ചയിക്കുന്ന കാര്യം ധനകാര്യ വകുപ്പ് അടിയന്തരമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഉപകരണങ്ങളുടെ റിപ്പയറിംഗ് /റീപ്ലെയ്സ്മെന്റ് ഇനത്തിൽ ഡയറക്ടർ / അഡീഷണൽ ഡയറക്ടർ /ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന

തുകയുടെ നിരക്ക് ഉയർത്തണമെന്നുള്ള എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോടൊപ്പം ഉദ്യോഗസ്ഥരുടെ ധനവിനിയോഗത്തിന്റെ തുക സംബന്ധിച്ച വിഷയവും , സമിതിയുടെ നിർദ്ദേശാനുസരണം , ഉയർത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

സമിതി ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനും പകരം നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ശിപാർശയിന്മേലുള്ള വിശദമായ റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

27.01.2020-ലെ സ.ഉ.(പി) നം. 1/2020/AHD പ്രകാരം മൃഗസംരക്ഷണ വകുപ്പിന് മാത്രമായി വ്യത്യസ്ത കേഡറുകളിൽപ്പെട്ട ഉദ്യോഗസ്ഥരുടെ (ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, വെറ്ററിനറി സർജൻ) Delegation of Powers പരിഷ്കരിക്കുകയുണ്ടായി. ആയത് പ്രകാരം റിപ്പെയറിങ്, റീപ്ലെയിസ്മെന്റ് എന്നീ ഇനങ്ങളിൽ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന പരമാവധി തുക യഥാക്രമം 15,000, 12,000, 10,000 രൂപ എന്നിങ്ങനെയാണ്. ടി തുകയിൽ അധികരിച്ച ആവശ്യങ്ങളുണ്ടെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ IAH &VB ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ആരായുന്ന വിശദീകരണങ്ങളിൽ നൽകിയ മറുപടിയിന്മേൽ കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പ്രസക്തിയും പ്രാധാന്യവും പൂർണാർത്ഥത്തിൽ ഉൾക്കൊള്ളുകയും, മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തുന്നതാണെന്നും സവിനയം സമിതിയെ അറിയിച്ചുകൊള്ളുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

സമിതിയുടെ അതൃപ്തി ഉൾക്കൊണ്ടുകൊണ്ട് മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രമിക്കണമെന്ന് വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു . ഉപകരണങ്ങളുടെ റിപ്പയറിങ് , റീപ്ലേസ്മെന്റ് ഇനത്തിൽ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന തുക നിലവിലുള്ള നിരക്കിൽനിന്നും എത്ര ഉയർത്തി നിശ്ചയിച്ചുവെന്ന് റിപ്പോർട്ടിലില്ലെന്ന് നിരീക്ഷിച്ച സമിതി നിലവിലുള്ള തുകയിൽ നിന്നും അധികരിക്കുന്നെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നൽകിയ നിർദ്ദേശത്തിന്മേൽ ഡയറക്ടർ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ആരായുവാൻ തീരുമാനിച്ചു.

**ശിപാർശ 13 (ഖണ്ഡിക 25)**

IAH&VB-ൽ എഞ്ചിനീയർ തസ്തിക വളരെ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്നതായി സമിതിക്ക് ബോധ്യമായിട്ടുണ്ട്. ഇൻഡസ്ട്രിയിൽ ഉപകരണങ്ങളിൽ പരിചയ സമ്പന്നരായ എഞ്ചിനീയറെ ആവശ്യമായതിനാൽ ടെക്നിക്കൽ ജീവനക്കാരുൾപ്പെടെ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും , ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സാങ്കേതികവിദ്യ മാറുന്ന സാഹചര്യത്തിൽ നൂതന സാങ്കേതിക കോഴ്സുകൾ പൂർത്തിയാക്കിയവരെ വാക്സിൻ നിർമ്മാണത്തിനുവേണ്ടി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബോയോളജിക്കൽസിൽ ഉപയോഗിക്കേണ്ട വിവിധങ്ങളായ ഉപകരണങ്ങളുടെ കുറ്റമറ്റ പ്രവർത്തനത്തിന് എഞ്ചിനീയറുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകുന്നതിനും, ടെക്നിക്കൽ ജീവനക്കാർ ഉൾപ്പെടെ ഒഴിവുള്ള തസ്തികകളിൽ

അടിയന്തരമായി നിയമനം നടത്തുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

14.08.2008-ലെ സ .ഉ(സാധാ)1605/08/AD പ്രകാരം പാലക്കാട് റിൻഡർപെസ്റ്റ് ഇറാഡിക്കേഷൻ ഓഫീസിൽ നിന്നും ഐ.എ.എച്ച്&വി.ബി.യിലേക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക പുനർവിന്യസിച്ച് ഉത്തരവായിട്ടുണ്ട്. ഐ.എ.എച്ച്&വി.ബി.യിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഉണ്ടായിരുന്ന 8 ഒഴിവുകളും തിരുവനന്തപുരം ജില്ലാ P.S.C. ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും, അതിൽ 3 ഒഴിവുകൾ നികത്തിയിട്ടുമുണ്ട്. ബാക്കിയുള്ള 5 ഒഴിവുകൾ P.S.C.യിൽ നിന്നും നിയമനം നടത്തുന്ന മുറയ്ക്ക് നികത്തപ്പെടുന്നതാണ്.

ഐ.എ.എച്ച്&വി.ബി.യിലെ റിസർച്ച് ഓഫീസർ (വൈറൽ വാക്സിൻ ) എന്ന ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തപ്പെടുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഇന്ത്യൻ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് 1940 പ്രകാരം വാക്സിൻ നിർമ്മാണ വേളയിൽ 18 മാസത്തെ പ്രായോഗിക പരിശീലനമുള്ള ഫാർമസി അല്ലെങ്കിൽ ഫാർ മസ്യൂട്ടിക്കൽ കെമിസ്ട്രി ബിരുദധാരിയായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായതിനാൽ, ഐ.എ.എച്ച്&വി.ബി.യിൽ വാക്സിൻ നിർമ്മാണം നടത്തുന്നതിനായി ഫാർമ കെമിസ്റ്റിന് 18 മാസത്തെ പ്രായോഗിക പരിശീലനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതിലേക്കായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട് . ആയത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി നൽകിയ

മൂന്നാമത് റിപ്പോർട്ട് പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ , ഐ.എ.എച്ച്&വി.ബി. എന്ന സ്ഥാപനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്കു അംഗീകാരം ലഭ്യമാക്കുന്നതിനായി വിവിധ ധനസ്രോതസ്സുകളുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 660 കോടി രൂപയുടെ ഒരു സമഗ്ര സുസ്ഥിര വികസന പദ്ധതിയുടെ കരട് രേഖ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പതിനാറാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി നൽകിയിട്ടുമുണ്ട്. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ വളരെ ഭീമമായ തുകയുടെ ആയതിനാൽ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്കേ DPR തയ്യാറാക്കുന്നതിന്റെ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം DPR തയ്യാറാക്കുകയും പദ്ധതി സാക്ഷാത്കരിക്കുവാൻ സാധിക്കാതെയും വന്നാൽ കൺസൾട്ടൻസി ചാർജ് ഇനത്തിൽ നൽകേണ്ടി വരുന്ന ഭീമമായ തുക (അടങ്കൽ തുകയുടെ 2%) സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുവാനിടയുണ്ട് എന്നതും സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

നൂതന സാങ്കേതിക കോഴ്സുകൾ പൂർത്തിയാക്കിയവരെ വാക്സിൻ നിർമ്മാണത്തിനുവേണ്ടി നിയമിക്കുന്നതിനും ആയതിനുള്ള നിയമനം പി .എസ്.സി. മുഖാന്തരം നടത്തി ഒഴിവുകൾ നികത്തുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം,
2025 ഒക്ടോബർ 7.

കെ.കെ. ശൈലജടീച്ചർ,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.